(ഡി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ പ്രമേയം പാസ്സാക്കിയിരുന്നു. ഈ വിവരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേരളത്തിന് ഗുണകരമല്ലാത്ത പ്രസ്തുത പദ്ധതിക്കെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം ഇതിനകം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. കേരളവും തമിഴ്നാടും തമ്മിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പൊതുധാരണയിൽ എത്തിയാൽ മാത്രമെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂവെന്ന് ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമത്തേയും തടയണമെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി സദീസംയോജന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ കൂടി ചർച്ചചെയ്യുന്നതിനായി വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിന് കേരളത്തിനുള്ള എതിർപ്പ് കാര്യകാരണ സഹിതം പ്രസ്തുത യോഗത്തിൽ വിശദീകരിക്കുകയുമുണ്ടായി. ആവശ്യമായ മുൻകരുതലോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേരളത്തിന്റെ എതിർപ്പ് ഉടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടിപ്പിക്കാനാണുദ്ദേശിക്കുന്നത്.

ചാലിയാർ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് നടപടി

155 (4441) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ ചീക്കോട് കടിവെള്ള പദ്ധതിയുടെ പമ്പിംഗ് സ്ഥലത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് സ്ഥലത്ത് തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ അപേക്ഷയൊന്നും ഇറിഗേഷൻ വിഭാഗത്തിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly